വൈദ്യുതി ബോർഡ് കടം എടുത്ത തുക

103 (328) ശ്രീ. എം. മുരളി :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വിവിധ പദ്ധതികൾക്കായി ഇതുവരെ എന്തു തുക കെ.എസ്.ഇ.ബി. കടമെടുത്തിട്ടുണ്ട് ;

(ബി) ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിന് ഈ തുക വകമാറ്റി ചെലവ് ചെയ്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തുതുക ഇതുവരെ ഇപ്രകാരം വകമാറ്റി ചെലവ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനവൈദ്യുതി ബോർഡ് വിവിധ ബോണ്ടുകളിലൂടെ എന്തു തുക സമാഹരിച്ചു ;

(ഇ) ബോണ്ടുകളിലൂടെ സമാഹരിച്ച തുക ബോർഡിന്റെ ദൈനംദിന ആവശ്യങ്ങൾക്ക് ഉപയോഗിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഈ ഗവൺമെന്റിന്റെ കാലത്ത് ഇതുവരെ എന്തു തുക ഇപ്രകാരം വിനിയോഗിച്ചെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-എഫ്) ബോർഡിന്റെ വാർഷിക കണക്കുപ്രകാരം 1996-97 മുതൽ 1999-2000 വരെയുള്ള കാലയളവിൽ പദ്ധതി പ്രവർത്തനങ്ങൾക്കായി ഓരോ വർഷവും ബോർഡ് സർക്കാർ വായ്പ ഉൾപ്പെടെ കടമെടുത്ത തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1996-97	466.16 കോടി രൂപ
1997-98	720.04 കോടി രൂപ
1998-99	1128.87 കോടി രൂപ
1999-2000	838.68 കോടി രൂപ

(താൽകാലിക വാർഷിക കണക്ക്)

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബോണ്ടുകളിലൂടെ (നോൺ എസ്.എൽ.ആർ.ബോണ്ട്) സമാഹരിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 5/96 മുതൽ 31-3-2000 വരെ (താൽക്കാലിക കണക്കുപ്രകാരം) 1753.68 കോടി രൂപ. ബോണ്ടുകളിലൂടെ സമാഹരിച്ച തുക മൂലധന ചെലവുകൾക്കാണ് ഉപയോഗിക്കുന്നത്. വൈദ്യുതിയുടെ വില്പന വിലയും ഉല്പാദനച്ചെലവും തമ്മിൽ ഗണ്യമായ അന്തരമുണ്ട്. വർദ്ധിച്ച വിലയുള്ള

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി വിവിധ നിലയങ്ങളിൽ നിന്നും വാങ്ങുന്നത് ഉല്പാദനച്ചെലവിന്റെ വർദ്ധനവിന് കാരണമാണ്. തൽഫലമായി ആഭ്യന്തര വിഭവസമാഹരണത്തിൽ സാരമായ കുറവുണ്ട്. 1999-2000-ലെ താൽക്കാലിക വാർഷിക കണക്കുപ്രകാരം 838.68 കോടി രൂപ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കടമെടുത്തെങ്കിലും മൂലധനനിക്ഷേപം 708.78 കോടി രൂപയായിരുന്നു. ഭരണച്ചെലവ് നടത്താൻ മാത്രമായി വായ്പ വാങ്ങാറില്ല. മൂലധന ചെലവുകൾക്കാണ് വായ്പ വാങ്ങാറുള്ളത്.

വൈദ്യുതി ബോർഡിന് ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ

104 (329) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മൂലധന ചെലവിലേക്ക് എന്ത് തുക ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സംസ്ഥാന വൈദ്യുതി ബോർഡ് വാങ്ങിയിട്ടുണ്ട് ;

(ബി) ഇതിൽ എന്തു തുക ശമ്പളത്തിനും മറ്റു ഭരണചെലവുകളും അടക്കമുള്ള നിത്യനിദാന ചെലവുകൾക്കുവേണ്ടി വിനിയോഗിച്ചു ;

(സി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം വൈദ്യുതി ബോർഡ് ഇതുവരെ ഭരണചെലവുകൾ നടത്തിക്കൊണ്ടുപോകുന്നതിനുമാത്രമായി എന്തു തുക വായ്പ വാങ്ങിയിട്ടുണ്ട് ;

(ഇ) വൈദ്യുതി ബോർഡിന്റെ ഒരു വർഷത്തെ പലിശ ചെലവെത്ര എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) 1996-97 മുതൽ 1999-2000 വരെയുള്ള കാലയളവിൽ പദ്ധതി പ്രവർത്തനങ്ങൾക്കായി ബോർഡ് ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് കടമെടുത്ത തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	രൂപ കോടിയിൽ
1996-97	466.16
1997-98	720.04
1998-99	1128.87
1999-2000	838.68

(താൽകാലിക കണക്ക്)

വൈദ്യുതിയുടെ വില്പന വിലയും ഉല്പാദന ചെലവും തമ്മിൽ ഗണ്യമായ അന്തരമുണ്ട്. വർദ്ധിച്ച വിലയുള്ള വൈദ്യുതി വിവിധ നിലയങ്ങളിൽ നിന്നും വാങ്ങുന്നത് ഉല്പാദന ചെലവിന്റെ വർദ്ധനവിന് ഒരു കാരണമാണ്. തൽഫലമായി

LIBRARY ARCHIVES Kerala Legislative Assembly